**കാലം സാക്ഷി**

**കുഞ്ഞിമുഹമ്മദ് വളാഞ്ചേരി**



മുഅ്ത യുദ്ധം നടന്ന സ്ഥലം

# ‘സ്വർഗത്തിൽ രണ്ട് ചിറകുള്ളയാൾ’

**എത്യോപ്യൻ** ചക്രവർത്തിയും ക്രിസ്തുമതാനുയായിയുമായ നേഗസിന്റെ മുന്നിൽ ഇസ്‌ലാമിനെയും ക്രിസ്തുമതത്തെയും താരതമ്യം ചെയ്ത് ജഅ്ഫർബ്നു അബീത്വാലിബ് നടത്തിയ പ്രഭാഷണം ചരിത്രപ്രസിദ്ധമാണ്. വസ്തുനിഷ്ഠവും സംക്ഷിപ്തവും ചിന്തോദ്ദീപകവുമായിരുന്നു ആ പ്രഭാഷണം. മനസ്സിൽ ആഞ്ഞു തറക്കുന്നതും കുറിക്ക് കൊള്ളുന്നതുമായ ആ പ്രൗഢ പ്രഭാഷണം അല്ലാഹു ജഅ്ഫറിന്റെ ഹൃദയത്തിൽ കുറിച്ചിട്ട ഇൽഹാം (ദിവ്യബോധനം) ആണെന്ന് വരെ ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സ്വഹാബിയും നബികുടുംബാംഗവുമായ ജഅ്ഫർ, പ്രവാചക പിതൃവ്യനായ അബൂത്വാലിബിന്റെ മകനും ഖുലഫാഉർറാശിദുകളിൽ നാലാമനായ അലിയ്യുബ്നു അബീത്വാലിബിന്റെ ജ്യേഷ്ഠ സഹോദരനുമാണ്.

ഇസ്‌ലാമിന്റെ ആരംഭത്തിൽ തന്നെ പത്നീസമേതം ഇസ്‌ലാം ആശ്ലേഷിച്ച അദ്ദേഹം അതിബുദ്ധിമാനും വാഗ്മിയും ഇസ്‌ലാം ആശ്ലേഷിച്ച ആദ്യകാല മുസ്‌ലിംകളിൽ മുപ്പത്തിരണ്ടാമനുമത്രെ. ദീനാനുകമ്പനും ഉദാരമതിയുമായതിനാൽ അഗതികളുടെ പിതാവ് (അബുൽ മസാകീൻ) എന്ന അപരനാമത്തിലും അദ്ദേഹം അറിയപ്പെട്ടു.

അബ്സീനിയയിൽനിന്ന് നബി(സ)യുടെ ആജ്ഞപ്രകാരം മറ്റു സ്വഹാബിമാരോടൊപ്പം മദീനയിലേക്കായിരുന്നു ജഅ്ഫറിന്റെ ഭാര്യയുടെയും രണ്ടാം ഹിജ്റ. മദീനയിൽ അവർ ആഗതരായപ്പോൾ ഖൈബറിൽ വിജയം കണ്ട ആഹ്ലാദത്തിലായിരുന്നു നബിയും സ്വഹാബികളും. ജഅ്ഫറിനെ കണ്ടപാടെ നബി(സ) ‘ജഅ്ഫറിന്റെ ആഗമനത്തിലോ ഖൈബർ വിജയത്തിലോ, ഏതിലാണ് ഞാൻ കൂടുതൽ ആഹ്ലാദിക്കേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ’ എന്നു പറഞ്ഞ് ജഅ്ഫറിനെ കെട്ടിപ്പുണർന്നു. ഇരു നയനങ്ങൾക്കിടയിലും നെറ്റിത്തടത്തിലും ചുംബിച്ചു.

ഇസ്‌ലാമിനു വേണ്ടി ഏറെ ത്യാഗങ്ങൾ സഹിച്ച ശേഷം മദീനയിലെത്തിയ ജഅ്ഫർ, ബദ്ർ യുദ്ധം തൊട്ട് ഇസ്‌ലാമിന്റെ എല്ലാ പോരാട്ടങ്ങളുടെയും വിശദ വിവരം സ്വഹാബിമാരിൽനിന്ന് കേട്ടറിഞ്ഞു. ഇസ്‌ലാമിന്റെ മാർഗത്തിൽ അനുഭവിച്ച ത്യാഗങ്ങളിലൊന്നും തനിക്ക് ഭാഗഭാക്കാവാനായില്ലല്ലോ എന്ന് നൊമ്പരപ്പെടുകയായിരുന്നു അപ്പോൾ അദ്ദേഹത്തിന്റെ മനസ്സ്. ഇനി എന്നായിരിക്കും തനിക്കും ഒരു ഊഴം ലഭിക്കുക എന്ന ചിന്തയിൽ വേപഥുപൂണ്ടിരിക്കെയാണ്

> **ജഅ്ഫറിനെ കണ്ടപാടെ നബി(സ) ‘ജഅ്ഫറിന്റെ ആഗമനത്തിലോ ഖൈബർ വിജയത്തിലോ, ഏതിലാണ് ഞാൻ കൂടുതൽ ആഹ്ലാദിക്കേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ’ എന്നു പറഞ്ഞ് ജഅ്ഫറിനെ കെട്ടിപ്പുണർന്നു**

റോമൻ സൈനികവ്യൂഹത്തെ നേരിടാനായി മുഅ്തയിലേക്ക് പുറപ്പെടാൻ ഒരുങ്ങിനിൽക്കുന്ന ഇസ്‌ലാമിക സൈന്യത്തിന്റെ മൂന്ന് സേനാധിപരിൽ ഒരാളായി തന്റെ പേര് നബി(സ) പ്രഖ്യാപിച്ച സന്തോഷ വാർത്ത അറിയുന്നത്. മുസ്‌ലിംകൾ മുമ്പൊരിക്കലും നേരിടേണ്ടി വന്നിട്ടില്ലാത്ത ശത്രുക്കളുടെ വൻ സൈന്യത്തെയാണ് ഇക്കുറി അവർക്ക് നേരിടേണ്ടിയിരുന്നത്. രണ്ടു ലക്ഷത്തിലേറെ സൈനികരാണ് ശത്രുപക്ഷത്ത്. മുസ്‌ലിംകൾ കേവലം മൂവായിരം. മരണം ഉറപ്പായിരുന്നു ജഅ്ഫറിന്.

യുദ്ധനായകരിൽ ഒന്നാമൻ സൈദ്ബ്നു ഹാരിസയായിരുന്നു. അദ്ദേഹം രക്തസാക്ഷിയായതോടെ, കൈയിൽനിന്ന് ഇസ്‌ലാമിന്റെ പതാക താഴെ വീഴും മുമ്പ് ജഅ്ഫർ അത് കൈക്കലാക്കി വീറോടെ പോരാടി. രക്തസാക്ഷിത്വം തന്നെയായിരുന്നു ജഅ്ഫറിന്റെയും ലക്ഷ്യം. പോരാട്ടത്തിനിടയിൽ ശത്രുക്കൾ അദ്ദേഹത്തെ വലയം ചെയ്തു. തന്റെ കുതിരയുടെ മുന്നോട്ടുള്ള കുതിപ്പ് തടയപ്പെട്ടു. അദ്ദേഹം കുതിരപ്പുറത്തുനിന്ന് ഇറങ്ങി പോരാട്ടം തുടർന്നു. തക്കം നോക്കി ഒരു ശത്രുഭടൻ ആ കുതിരപ്പുറത്ത് ചാടിക്കയറി. ഇത് കണ്ട ജഅ്ഫർ തന്റെ കുതിര ശത്രുപക്ഷത്തിന് ഉപകാരപ്പെടാതിരിക്കാനായി അതിനെ കൊന്നു.

ശത്രുക്കൾ വളഞ്ഞതിനാൽ ജഅ്ഫറിന്റെ മുമ്പിൽ വഴിയടഞ്ഞു. ശത്രുക്കൾ അദ്ദേഹത്തിന്റെ വലതു കൈ വെട്ടി വീഴ്ത്തി. നബി(സ) നൽകിയ പതാക അദ്ദേഹം ഇടതു കൈയിലേക്ക് മാറ്റി. ശത്രുക്കൾ ഇടതുകൈയും ഛേദിച്ചു. ഇരുകരങ്ങളും നഷ്ടപ്പെട്ടതിനാൽ പതാക അദ്ദേഹം തന്റെ മാറിടത്തേക്ക് അണച്ചുപിടിച്ചു. ഉടനെ രക്തസാക്ഷിയാവുകയും ചെയ്തു. തൽസമയം ജഅ്ഫറിന്റെ മാറിടത്തിൽ അമർന്നുകിടന്നിരുന്ന പതാക മൂന്നാം സേനാധിപനായ അബ്ദുല്ലാഹിബ്നു റവാഹ എടുക്കുന്നതുവരെയും നിലത്ത് വീണില്ല.

രക്തസാക്ഷികളുടെ കുടുംബാംഗങ്ങളെ സാന്ത്വനിപ്പിക്കാൻ നബി(സ) പോയ കൂട്ടത്തിൽ ജഅ്ഫറിന്റെ വീട്ടിലും ചെന്നു. യുദ്ധം കഴിഞ്ഞ് തിരിച്ചെത്തുന്ന തന്റെ പ്രിയതമനെ സ്വീകരിക്കാനുള്ള ഒരുക്കത്തിലായിരുന്നു പത്നി അസ്മ അപ്പോൾ. റൊട്ടിക്കുള്ള മാവ് കുഴച്ചുവെച്ച്, മക്കളെ കുളിപ്പിച്ചു സുഗന്ധം പുരട്ടി അണിയിച്ചൊരുക്കി പ്രിയതമനെ കാത്തു കഴിയുകയായിരുന്നു അവർ. നബിയെ കണ്ടപാടെ ഒന്നുമറിയാത്ത ജഅ്ഫറിന്റെ മക്കൾ ആഹ്ലാദത്തിമർപ്പോടെ തുള്ളിച്ചാടി ഞാൻ മുമ്പിൽ ഞാൻ മുമ്പിൽ എന്ന മട്ടിൽ മത്സരിച്ച് നബി(സ)യുടെ മുമ്പിലെത്തി. അവരെ കണ്ട നബി(സ)ക്ക് കണ്ണീരടക്കാൻ കഴിഞ്ഞില്ല. ഇതിനകം ജഅ്ഫർ വീരമൃത്യു വരിച്ച വിവരം നബിയിൽനിന്ന് അറിഞ്ഞതോടെ എല്ലാവരും വിങ്ങിപ്പൊട്ടി. നബി(സ) പ്രാർഥിച്ചു: "അല്ലാഹുവേ, ജഅ്ഫറിന്റെ കുടുംബത്തിന് നീ പിൻഗാമികളെ നൽകേണമേ."

അബ്ദുല്ലാഹിബ്നു ഉമർ(റ) പറഞ്ഞു: "ജഅ്ഫറിന്റെ ശരീരത്തിലെ മുറിവുകളും ക്ഷതങ്ങളും ഞാൻ എണ്ണിനോക്കി. വാള്, അമ്പ്, ചവളം എന്നിവകൊണ്ടുണ്ടായ മുറിവുകൾ തൊണ്ണൂറിലധികം ഉണ്ടായിരുന്നു. പുറംതിരിയാതെ ശത്രുക്കളെ മുഖാമുഖം നേരിടുകയായിരുന്നു അദ്ദേഹം. അതുകൊണ്ടാവാം ശരീരത്തിന്റെ പുറംഭാഗത്ത് വെട്ടോ കുത്തോ ഏറ്റതായി കണ്ടില്ല."

ജഅ്ഫറിന്റെ ഇരുകരങ്ങളും അറ്റുവീണ രംഗം ഓർമിപ്പിക്കുംവിധം 'സ്വർഗത്തിൽ രണ്ട് ചിറകുകളുള്ളയാൾ' എന്ന് നബി(സ) അദ്ദേഹത്തെക്കുറിച്ച് പറയാറുണ്ടായിരുന്നു. നബി (സ) പറഞ്ഞു: "രക്തം പുരണ്ട രണ്ട് ചിറകുകളോടെ സ്വർഗത്തിൽ മലക്കുകളോടൊപ്പം പറക്കുന്നതായി ജഅ്ഫറിനെ ഞാൻ കണ്ടു."

**പ്രവാചകന്റെ രൂപസാദൃശ്യം മാത്രമല്ല, സ്വഭാവ വൈശിഷ്ട്യവും കൂടി ജഅ്ഫറിന് ഉണ്ടായിരുന്നു. നബി(സ) അദ്ദേഹത്തോട് ഇങ്ങനെ പറയുകയും ചെയ്തിട്ടുണ്ട്: "രൂപത്തിലും സ്വഭാവത്തിലും നീ എനിക്ക് സദൃശനാകുന്നു."**

ഒരിടത്തും അദ്ദേഹം ദീർഘകാലം ജീവിച്ചില്ല- മക്കയിലും മദീനയിലും അബ്സീനിയയിലും. യുവത്വം വിട്ടുമാറും മുമ്പേ മരണപ്പെടുകയും ചെയ്തു. നാൽപതിനോടടുത്തായിരുന്നു പ്രായം. ഭാര്യ അസ്മ പറയാറുണ്ടായിരുന്നു: "ജഅ്ഫറിനേക്കാൾ നല്ല യുവാവിനെ ഞാൻ കണ്ടിട്ടില്ല." അവരിരുവരെക്കുറിച്ച്, സമുദ്രസഞ്ചാരം നടത്തിയവരെന്നും രണ്ട് ഹിജ്റകൾ ചെയ്തവരെന്നും നബി(സ) വിശേഷിപ്പിച്ചിട്ടുണ്ട്.

പ്രവാചകന്റെ രൂപസാദൃശ്യം മാത്രമല്ല, സ്വഭാവവൈശിഷ്ട്യവും കൂടി ജഅ്ഫറിന് ഉണ്ടായിരുന്നു. നബി(സ) അദ്ദേഹത്തോട് ഇങ്ങനെ പറയുകയും ചെയ്തിട്ടുണ്ട്: "രൂപത്തിലും സ്വഭാവത്തിലും നീ എനിക്ക് സദൃശനാകുന്നു." ■